സഹായിക്കുകയാണ് ഈ ഉദ്യോഗസ്ഥർ ചെയ്തത് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ ഈ തോട് അനധികൃതമായി നികത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കുമെതിരായി ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും ഈ തോട് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ഇത് വളരെ വിശദമായ മറുപടിയായതുകൊണ്ട് മുഴുവൻ ഇവിടെ വായിക്കുന്നില്ല. ഇതിനകത്ത് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അന്നമനട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വില്ലേജ് ഓഫീസർ ഇതിനകം തന്നെ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മുൻസിഫ് കോടതിയിൽ ഇപ്പോൾ കേസ് നിലനിൽക്കുകയാണ്. അതിനുപുറമേ സബ്ഡിവിഷണൽ മജിസ്ട്രേട്ട് കോടതിയിലും ഇപ്പോൾ കേസുണ്ട്. ബഹുമാനപ്പെട്ട എ. കെ. ചന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ച വിധത്തിൽ അടിയന്തിരമായി നിയമപരമായ നടപടിക്രമങ്ങൾ പാലിക്കണം. തൊട്ടടുത്തുള്ള കൃഷിക്കും മറ്റുള്ളവർക്കും ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ കണക്കിലെടുത്തുകൊണ്ട് നടപടികൾ സ്വീകരിക്കണം. കോടതിയിൽ നിലനിൽക്കുന്ന കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ആർ.ഡി.ഒ.ക്ക് നിർദ്ദേശം നൽകുന്നതാണ്.

(16) പ്ലസ് ടു സ്കൂളുകൾ

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ പുലിയൂർ, പാണ്ടനാട് പഞ്ചായത്തുകളിൽ സർക്കാർ മേഖലയിലോ സർക്കാർ എയ്ഡഡ് മേഖലയിലോ അൺ എയ്ഡഡ് മേഖലയിലോ ഒരു പ്ലസ് ടു സ്കൂളുപോലും നിലവിലില്ല. ആ പ്രദേശത്തെ വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് നിരവധി പ്രയാസങ്ങൾ അനുഭവിക്കുകയാണ്. ഒരു സ്കൂൾ 1917-ലും മറ്റൊരു സ്കൂൾ 1945-ലും ആരംഭിച്ചതാണ്. പാണ്ടനാട് സ്വാമി വിവേകാനന്ദ ഹൈസ്ക്കൂളിലാണെങ്കിൽ ക്ലാസ്മുറികളും സയൻസ് ലാബുകളും കംപ്യൂട്ടർ ലാബുകളുമടക്കം എല്ലാ അടിസ്ഥാന സൗകര്യങ്ങളുമുണ്ട്. ഈ പ്രാധാന്യം പരിഗണിച്ചുകൊണ്ട് എന്റെ നിയോജകമണ്ഡലത്തിൽ നിലവിൽ പ്ലസ് ടു സ്കൂളുകളില്ലാത്ത പുലിയൂർ-പാണ്ടനാട് പഞ്ചായത്തുകളിൽ പുതിയ പ്ലസ് ടു ബാച്ച് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, കേരളത്തിലെ ഒരു പഞ്ചായത്തിലും പ്ലസ് ടു പഠന സൗകര്യം ഇല്ലാതിരിക്കാൻ പാടില്ല എന്ന നയമാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ ആ നയം നടപ്പാക്കാൻ ഒറ്റയടിക്ക് സാധിക്കുകയില്ല എന്നുള്ളത് എല്ലാവരും മനസ്സിലാക്കുമെന്ന് വിചാരിക്കുകയാണ്. ആദ്യഘട്ടമെന്നുള്ള നിലയിൽ തൃശൂർ മുതൽ വടക്കോട്ടുള്ള എല്ലാ ജില്ലകളിലും പ്ലസ് വൺ പഠന സൗകര്യമില്ലാത്ത പഞ്ചായത്തുകളിൽ സാധ്യമായിടത്തോളം കഴിഞ്ഞ 2 വർഷം മുമ്പും ഈ വർഷവുമായി നമ്മൾ പ്ലസ് വൺ പഠന

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ നൽകിയിരിക്കുകയാണ്. അടുത്ത ഘട്ടം എന്നുള്ള നിലയിൽ തെക്കൻ ജില്ലകളിലെ കാര്യങ്ങൾ പരിഗണിക്കുമ്പോൾ ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ചെങ്ങന്നൂർ മണ്ഡലത്തിലെ പുലിയൂർ, പാണ്ടനാട് എന്നീ പഞ്ചായത്തുകളുടെ കാര്യവും അനുഭാവപൂർവ്വം ഈ ഗവൺമെന്റ് പരിഗണിക്കും.

(17) ചെട്ടികുളങ്ങര കുംഭ ഭരണി മഹോൽസവം

ശ്രീ. എം. മുരളി: സർ, ചരിത്രപ്രസിദ്ധമായ ചെട്ടികുളങ്ങര കുംഭ ഭരണി മഹോത്സവം യുനസ്കോയുടെ ലോക സംസ്കാരിക പൈതൃക പാരമ്പര്യങ്ങളുടെ ഭാഗമായി അനന്യ സംസ്ക്കാര സംരക്ഷണ പദ്ധതിയിൽ, Intangible Cultural Heritage (ICH)-ൽ ഉൾപ്പെടുത്താനുള്ള പരിശ്രമങ്ങൾക്ക് സംസ്ഥാന സർക്കാർ മുൻകൈ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശബരിമല കഴിഞ്ഞാൽ വരുമാനത്തിലും ഭക്തജനങ്ങളുടെ സംഖ്യയിലും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ഏറ്റവും വലിയ ക്ഷേത്രമാണ് ചെട്ടികുളങ്ങര ക്ഷേത്രം. കുംഭരണി മഹോത്സവത്തിന്റെ ഭാഗമായിട്ടുള്ള കെട്ടുകാഴ്ച മഹോത്സവം, കുത്തിയോട്ടം തുടങ്ങിയ ആചാര പ്രധാനങ്ങളായ പരിപാടികൾ ലോകത്തിൽ മറ്റെങ്ങുമില്ലാത്തവയാണ്. യുനസ്കോയുടെ ഒരു പ്രതിനിധി സംഘവും കേന്ദ്ര സാംസ്ക്കാരിക വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീമതി രൂപ ശ്രീനിവാസന്റെ നേതൃത്വത്തിലുള്ള കേന്ദ്ര സംഘവും ദേവസ്വം ബോർഡിന്റെയും ക്ഷേത്ര ഭരണസമിതിയായ ശ്രീദേവി വിലാസം ഹിന്ദുമത കൺവെൻഷന്റേയും ക്ഷണം സ്വീകരിച്ച് 2010 മാർച്ചിൽ കുംഭ ഭരണി മഹോത്സവം നേരിട്ട് കണ്ട് മടങ്ങിയിരിക്കുകയാണ്. ഭാരതത്തിൽ നിന്നും രാംലീല, Vedic Chantry, കൂടിയാട്ടം എന്നിവ ലോകപൈതൃക പട്ടികയിൽ യുനസ്കോ ഉൾപ്പെടുത്തിയിട്ടുണ്ട്. കുഭ ഭരണി മഹോത്സവവും കെട്ടുകാഴ്ചയും കൂടി ലോക സാംസ്ക്കാരിക പൈതൃക പരമ്പരയിൽ ഉൾപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ചെട്ടികുളങ്ങര കുംഭ ഭരണി, ഇവിടെ പൈതൃകമെന്നോ മാതൃകമെന്നോ ഉള്ള തർക്കം വേണ്ട. പൈതൃകവും മാതൃകവും എന്ന് നമുക്ക് തീരുമാനിക്കാം. ആ നിലയിൽ ഉൾപ്പെടുത്തപ്പെടേണ്ടതാണ് എന്ന അഭിപ്രായമാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. ഇക്കാര്യത്തിൽ എനിക്ക് മുൻകയ്യെടുക്കാൻ നിവൃത്തിയില്ല. കാരണം ബഹുമാനപ്പെട്ട അംഗം മുരളി മുൻകയ്യെടുത്തുകഴിഞ്ഞു. അദ്ദേഹത്തിന്റെ ഒപ്പം കാര്യങ്ങൾ ചെയ്യാൻ ഞാനും തയ്യാറാണ്. ഇത് നമ്മുടെ നാടിന്റെ സാംസ്ക്കാരിക പാരമ്പര്യത്തിന് കിട്ടുന്ന അംഗീകാരമെന്നുള്ള നിലയിൽ സാംസ്ക്കാരിക വകുപ്പ് സാധ്യമായ എല്ലാ പരിശ്രമങ്ങളും ഇക്കാര്യത്തിൽ നടത്തും. "ചെട്ടികുളങ്ങര ഭരണി നാളിൽ"..... എന്നുള്ള ഗാനത്തിലൂടെ കുംഭ ഭരണി മഹോത്സവം ഇപ്പോൾതന്നെ അനശ്വരമായി തീർന്നിട്ടുണ്ട്. പക്ഷേ യുനസ്കോയുടെ അംഗീകാരം എന്നുപറയുന്നത് വളരെ പ്രധാനമാണ്. ഇന്ത്യയിലിപ്പോൾ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ

LIBRARY ARCHIVES Kerala Legislative Assembly